പന്നിയാർ-ശെങ്കുളം പദ്ധതി

74 (1226) ശ്രീ. കെ. റ്റി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്നിയാർ-ശെങ്കുളം പദ്ധതിയുടെ പരിഷ്ക്കരണ പ്രവർത്തിക്ക് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പണി ഏറ്റെടുക്കാൻ തദ്ദേശീയമായ ഏതെങ്കിലും കമ്പനി മുന്നോട്ടു വന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്ഥാപനത്തിന്റെ പേര് വ്യക്തമാക്കാമോ ;

(ഡി) തദ്ദേശീയ കമ്പനിയെ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിയെ.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) പ്രസക്തമല്ല.

വാർഷിക കണക്കുകൾ

75 (1227) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡ് ഏതെല്ലാം സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളാണ് ഇനി പ്രസിദ്ധീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇലക്ട്രിസിറ്റി ബോർഡിന്റെ വാർഷിക കണക്കുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുവാൻ നടപടി എടുക്കുമോ ;

(സി) ഇലക്ട്രിസിറ്റി ബോർഡിന്റെ വാർഷിക കണക്കുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിയമം അനുശാസിക്കുന്നില്ലെന്ന് 1999-ൽ ബോർഡോ, സർക്കാരോ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇലക്ട്രിസിറ്റി ബോർഡിന്റെ വാർഷിക കണക്കുകൾ പ്രസിദ്ധീകരിക്കാതെ വരുമാന കമ്മിയുടെ പേരിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതും ഒരു വർഷംതന്നെ ഒന്നിൽ കൂടുതൽ പ്രാവശ്യം ചാർജ്ജ് വർദ്ധിപ്പിച്ചതും എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ബോർഡിൽ 1998-99, 1999-2000 എന്നീ രണ്ടു സാമ്പത്തിക വർഷങ്ങളിലെ കണക്കുകളാണ് ഇനി പ്രസിദ്ധീകരിക്കാനുള്ളത്.

(ബി) ബോർഡിന്റെ വാർഷിക കണക്കുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly